

# പാരിസ്ഥിതിക പ്രശ്നങ്ങളും ഭൂമിയുടെ ഭാവിയും

**സാറാബായ് സൈഫുദ്ദീൻ**

***മാ***നവസേവക്കായി ദൈവം സംവിധാനിച്ചതാണ് ആകാശ ഭൂമിയിലെ സകലതും എന്നാണ് ഖുർആൻ നമ്മോട് പറയുന്നത്. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും മനുഷ്യനുവേണ്ടി സൃഷ്ടിച്ചു എന്നും ആകാശവും ഭൂമിയും എല്ലാം മനുഷ്യന് ഉപകാരപ്രദമായ രീതിയിലാണ് സജ്ജമാക്കപ്പെട്ടത് എന്നും ഖുർആൻ സമർത്ഥിക്കുന്നു. (അൽബഖറ)

ദൈവത്തിന്റെ പ്രതിനിധിയായ മനുഷ്യന് നിർവ്വഹിക്കാനുള്ള ദൗത്യങ്ങളിൽ ഇബാദത്ത്, ഖിലാഫത്ത് എന്നിവ പോലെ തന്നെ പ്രധാനമാണ് ഭൂമിയുടെ പരിപാലനവും. മനുഷ്യൻ ഭൂമിയുടെ കാവൽക്കാരനാവണം. പരിസ്ഥിതിയുമായി മനുഷ്യൻ എങ്ങനെ ഇടപഴകണമെന്ന് ഇസ്‌ലാം മനുഷ്യനെ പഠിപ്പിക്കുന്നു. ദൈവം ആദ്യമായി മനുഷ്യന് നൽകിയത് പരിസ്ഥിതി വിജ്ഞാനമാണ്. മനുഷ്യനെ പ്രാപഞ്ചിക വസ്തുക്കളുടെ പേരുകൾ പഠിപ്പിച്ച് പ്രകൃതിയെകുറിച്ച് അവബോധം സൃഷ്ടിച്ചു. ഒരു കുഞ്ഞ് പ്രപഞ്ചത്തിന്റെ ബാലപാഠങ്ങൾ പഠിക്കാൻ അവയുടെ പേരുകൾ മനസ്സിലാക്കുന്നതിൽനിന്നും ആരംഭിക്കുന്നു. പ്രപഞ്ചം തന്നെ ഏൽപിച്ച സൂക്ഷിപ്പ് സ്വത്താണെന്ന് മനസ്സിലാക്കി അതിന്റെ സന്തുലിതാവസ്ഥയുമായി പൊരുത്തപ്പെടുകയാണ് മനുഷ്യന്റെ കടമ.

പരിസ്ഥിതിയെ സ്വാധീനിക്കുന്ന നിർണായക ഘടങ്ങളായ ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എല്ലാം ദൈവഹിതമനുസരിച്ച് സഞ്ചരിക്കുന്നു. പ്രകൃതിയിലെ ജീവനിർജ്ജീവ വസ്തുക്കളെല്ലാം അല്ലാഹുവിനെ പ്രണമിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നു. പ്രപഞ്ച വസ്തുക്കളെ സ്നേഹിക്കുക എന്നത് ദൈവസ്നേഹത്തിന്റെ ഭാഗമാണ്. ജീവസ്നേഹം ഇസ്‌ലാമിനോളം ഊന്നിപ്പറഞ്ഞ ദർശനം വേറെ ഇല്ല. പ്രപഞ്ചവസ്തുക്കളെ സ്നേഹിക്കുക എന്നത് ദൈവത്തെ സ്നേഹിക്കുന്നതിന് തുല്യമാണ്. ഇതിന്റെ ഒരുപാട് ഉദാഹരണങ്ങൾ പ്രവാചകചരിത്രത്തിൽ കാണാം. പച്ചക്കരളുള്ള എല്ലാ ജീവികളോടും കരുണ കാണിക്കണമെന്ന പ്രവാചക വചനം ശ്രദ്ധേയമാണ്.

തബൂക്ക് യുദ്ധം കഴിഞ്ഞ് മദീനയിലേക്ക് മടങ്ങവേ ഉഹ്ദ് മലയുടെ അടുത്തെത്തിയപ്പോൾ നബി(സ) പറഞ്ഞു: "ഇതാ മദീന.. ഇതാ ഉഹ്ദ്.. നാം സേവിക്കുന്ന നമ്മെ സേവിക്കുന്ന മല.." ഈ പരാമർശം മാത്രം മതി പരിസ്ഥിതി സ്നേഹം വർധിപ്പിക്കാൻ.

അതിയ്യുബ്നു ഹാതിം എന്ന സ്വഹാബി ഉറുമ്പുകൾക്ക് റൊട്ടി പൊടിച്ചുകൊടുക്കും. എന്നിട്ട് പറയും: "ഉറുമ്പുകൾ നമ്മുടെ അയൽക്കാരാണ്."

യൂഫ്രട്ടീസ് നദീതീരത്ത് ഒരൊട്ടകം വിശന്നു ചാകാനിടയായാൽ ആ കുറ്റത്തിന് അല്ലാഹുവിന്റെ മുമ്പിൽ മറുപടി പറയേണ്ടി വരുമെന്നാണ് ഖലീഫ ഉമർ പറഞ്ഞത്. അനാവശ്യമായി ഉറുമ്പിൻ കൂട്ടങ്ങളെ തീയിട്ട് കൊല്ലുന്നത് പ്രവാചകൻ കർശനമായി വിലക്കിയിരുന്നു. അനാവശ്യമായി മരത്തിന് കല്ലെറിയരുത് അതിന് വേദനിക്കും, തണൽ മരങ്ങൾ മുറിച്ചുമാറ്റരുത്, ആഹാരത്തിനല്ലാതെ മൃഗങ്ങളെ കൊല്ലരുത്, അവയോട് കരുണ കാണിക്കണം എന്നൊക്കെയാണ് പ്രവാചകൻ നമ്മെ പഠിപ്പിച്ചത്.

ഉറുമ്പിന്റെ സംഭാഷണം കേട്ട് അവയെ നശിപ്പിക്കാതിരിക്കാൻ സുലൈമാൻ(അ) തന്റെ സേനയെ തിരിച്ചുവിട്ടത് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധമാണ് സൂചിപ്പിക്കുന്നത്. പ്രളയ സമയത്ത് നൂഹ് (അ) പക്ഷിമൃഗാദികൾക്ക് വംശനാശം സംഭവിക്കാതിരിക്കാൻ അവയിലെ ഓരോ ജോഡിവീതം കപ്പലിൽ കയറ്റിയതും പ്രകൃതിയെ സ്നേഹിക്കാനുള്ള സന്ദേശമാണ് നൽകുന്നത്.

പരിസ്ഥിതി സംരക്ഷണമെന്നത് ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം മനുഷ്യന്റെ ബാധ്യതയാണ്. പ്രകൃതിയെ ചൂഷണം ചെയ്യുമ്പോൾ പിറക്കാനിരിക്കുന്ന ഭാവിതലമുറയെ കൂടി പരിഗണിക്കണം. വയലുകൾ നിലനിർത്തുക, കൃഷി പ്രോൽസാഹിപ്പിക്കുക, തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കിയിടൽ എന്നിവ കർമശാസ്ത്രത്തിന്റെ പരിധിയിൽ പെടുന്ന വിഷയമാണ്. ഒരു മുസ്‌ലിം കൃഷി നടത്തുകയോ ചെടി നടുകയോ ചെയ്ത് അതിൽ നിന്നുള്ള ഫലം പക്ഷികളോ മൃഗങ്ങളോ ഭക്ഷിച്ചാൽ പോലും അതിന്റെ ഫലം അവനു കിട്ടും. നടാൻ ഒരു തൈ കൈയ്യിൽ ഉണ്ടെങ്കിൽ ലോകം അവസാനിക്കുന്നതിനു മുമ്പ് അത് നടണം എന്ന നബിയുടെ



**മനുഷ്യന്റെ മൗലികബാധ്യതയാണ് ഭൂമിയെ സംരക്ഷിക്കുക എന്നത്. എന്നാലിന്ന് എക്സ്പ്രസ് ഹൈവേകളും സ്മാർട്ട്സ് സിറ്റികളും സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റലുകളും ബീച്ച് റിസോർട്ടുകളും സ്ഥാപിക്കുന്നതിനുവേണ്ടി ജനങ്ങളെ കുടിയൊഴിപ്പിക്കുകയും തെരുവിൽ തള്ളുകയും ചെയ്യുകയാണ്. മനുഷ്യൻ ആർത്തിയിൽനിന്നും ചൂഷണ മനസ്സിൽ നിന്ന് മുക്തനാകണം.**

ആഹ്വാനമനുസരിച്ച് അവസാനശ്വാസം വരെ മുസ്‌ലിം പ്രവർത്തിച്ചുകൊണ്ടിരിക്കണം.

മനുഷ്യനെപോലെ തന്നെ ഭൂമിക്കും ഒരു ജീവിതമുണ്ട്. ജലസേചനം നടത്തിയും കൃഷിയിറക്കിയും മരം നട്ടുപിടിപ്പിച്ചും അതിനെ സജീവമാക്കണം. ദൈവത്തിന്റെ മഹത്തായ അനുഗ്രഹമാണ് ജലം. ജലമില്ലെങ്കിൽ ജീവനില്ല. ഭൂമിയിൽ സകല മനുഷ്യരുടെയും ആവശ്യങ്ങൾക്കുള്ള ജലമുണ്ടെങ്കിലും ആർത്തിമൂലം അതൊക്കെ നശിക്കുകയാണ്. നദികളിൽ നിന്നും അനധികൃതമായി മണലൂറ്റിയും കാടുകൾ വെട്ടിനശിപ്പിച്ചും പാടങ്ങളും ജലാശയങ്ങളും നികത്തി കോൺക്രീറ്റ് സൗധങ്ങൾ പണിതും പ്രകൃതിയോട് ക്രൂരമായി പെരുമാറുകയാണ് മനുഷ്യൻ. ഒരു ഭാഗത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുമ്പോൾ തന്നെ മറുഭാഗത്ത് ഭൂഗർഭജലം ഊറ്റിയെടുത്ത് കച്ചവടം കൊഴുപ്പിക്കുകയാണ്. ഇനിയൊരു ലോകയുദ്ധം നടക്കുകയാണെങ്കിൽ അത് ജലത്തിനുവേണ്ടിയായിരിക്കും. പുഴയിലും ജലാശയങ്ങളിലും വിഷാംശങ്ങൾ തള്ളുക വഴി മാരകമായ രോഗത്തിന് അടിമപ്പെട്ടുകൊണ്ടിരിക്കയാണ്.

മനുഷ്യന് രക്തം എന്നതുപോലെയാണ് ഭൂമിക്ക് ജലം. എല്ലാ ജീവജാലങ്ങളെയും വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചു എന്നാണ് ഖുർആൻ പറഞ്ഞത്. മദീനാ നിവാസികൾക്ക് ആദ്യമായി നബിയോട് ബോധിപ്പിക്കാനുണ്ടായ പരാതി കുടിവെള്ളത്തെ പറ്റിയാണ്. മദീനയിലെ 'ബിഅ്റു റൂമ' കിണർ ഒരു ജൂതന്റെ കൈയ്യിൽ നിന്ന് ഉസ്മാൻ(റ) വിലക്കുവാങ്ങിക്കൊടുത്തത് കുടിവെള്ളത്തിന്റെ പ്രാധാന്യം ഓർമപ്പെടുത്തുന്നു. പ്ലാച്ചിമടക്കാരും കാസർക്കോട്ടുകാരും നാഗാർജ്ജുന അണക്കെട്ടിനു പരിസരത്തുള്ളവരും ദുരിതമനുഭവിച്ചത് വികലമായ വികസന നയം മൂലമാണ്. അനിയന്ത്രിയമായ പ്രകൃതി ചൂഷണം വഴി സുനാമി, ഭൂകമ്പം, മണ്ണൊലിപ്പ്, അമ്ലമഴ, കിണറുകൾ താഴ്ന്നുപോകൽ, ഓസോൺ പാളിയിലെ വിള്ളൽ എന്നിവ അധികരിക്കുകയാണ്.

ആഗോളതാപനം എന്ന മഹാവിപത്ത് അതിന്റെ പാരമ്യതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ചൂടു വർധിച്ചതിനാൽ വൈറസുകൾ പെരുകുന്നു. അതുമൂലം മിക്ക രോഗങ്ങളും തിരിച്ചുവരുന്നു. വ്യവസായശാലകളിൽ നിന്നും വാഹനങ്ങളിൽ നിന്നും പുറംതള്ളുന്ന വാതകങ്ങൾ ഭൂമിയുടെ രക്ഷാ കവചമായ ഓസോൺ പാളികൾക്ക് വിള്ളൽ വീഴ്ത്തുന്നു.

മനുഷ്യന്റെ സംഹാര വാസനയിലേക്ക് ഖുർആൻ വിരൽ ചൂണ്ടുന്നുണ്ട്- "ഭൂമിയിൽ നിങ്ങൾ നാശമുണ്ടാക്കരുത്", "നാശകാരികളുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് നോക്കിക്കൊള്ളുക". കാറ്റും മഴയും ഇടിയും മിന്നലും തുടങ്ങി എല്ലാ പ്രകൃതി പ്രതിഭാസങ്ങളും അല്ലാഹുവിന്റെ സുസജ്ജങ്ങളായ സൈന്യങ്ങളാണ്. മനുഷ്യന്റെ ധിക്കാരവും തോന്ന്യാസവും സകല സീമകളും ലംഘിക്കുമ്പോൾ ദൈവം നൽകിയ ശിക്ഷകൾക്ക് ചരിത്രത്തിൽ അനേകം ഉദാഹരണങ്ങളുണ്ട്. നൂഹ് നബിയുടെ സമൂഹത്തെ പ്രളയത്തിലൂടെയും സ്വാലിഹ് നബിയുടെയും ശുഐബ് നബിയുടെയും ജനതകളെ ഗർജ്ജനത്തിലൂടെയും ലൂത്ത് നബിയുടെ സമൂഹത്തെ ഭൂമി കീഴ്മേൽ മറിച്ചുകൊണ്ടും നശിപ്പിക്കുകയുണ്ടായി. ഞങ്ങളുടെ സമ്പത്ത് ഞങ്ങളുടെ ഇഷ്ടംപോലെ ചെലവഴിക്കുമെന്ന് വാദിച്ച മദ്‌യൻ ഗോത്രത്തിലെ പ്രമാണിമാരെയും മൂസാ നബിയുടെ കാലത്തെ ഖാറൂൻ മുതലാളിയെയും അൽ കഹ്ഫ് അധ്യായത്തിലെ പുത്തൻ പണക്കാരനെയും കൈകാര്യം ചെയ്ത രീതി ഖുർആനിലുണ്ട്.

മനുഷ്യന്റെ മൗലികബാധ്യതയാണ് ഭൂമിയെ സംരക്ഷിക്കുക എന്നത്. എന്നാലിന്ന് എക്സ്പ്രസ് ഹൈവേകളും സ്മാർട്ട്സ് സിറ്റികളും സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റലുകളും ബീച്ച് റിസോർട്ടുകളും സ്ഥാപിക്കുന്നതിനുവേണ്ടി ജനങ്ങളെ കുടിയൊഴിപ്പിക്കുകയും തെരുവിൽ തള്ളുകയും ചെയ്യുകയാണ്. മനുഷ്യൻ ആർത്തിയിൽനിന്നും ചൂഷണ മനസ്സിൽ നിന്ന് മുക്തനാകണം. കടലും കരയും മണ്ണു വിണ്ണും മലിനമാക്കുന്ന ആധുനിക പ്രവണതയെ ഇസ്‌ലാം ശക്തമായി വിലക്കുന്നു. മനുഷ്യന് അല്ലാഹു നൽകിയ മഹത്തായ അനുഗ്രഹമാണ് പ്രകൃതിയും അതിലെ വിഭവങ്ങളും. പ്രപഞ്ചം അല്ലാഹുതന്നെ ഏൽപ്പിച്ച ട്രസ്റ്റാണെന്ന് മനസ്സിലാക്കി അതിനോട് സന്തുലിതമായി പൊരുത്തപ്പെടുകയാണ് മനുഷ്യന്റെ കടമ. മനുഷ്യനെയും പ്രകൃതിയെയും ചൂഷണം ചെയ്ത് തടിച്ചുകൊഴുക്കുന്ന ആഗോള മുതലാളിത്ത ഭീമൻമാരെ ചെറുക്കുക എന്നതും മുസ്‌ലിമിന്റെ ബാധ്യതയാണ്.